# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1499　　03.05.2017- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) വിദേശത്ത് നിന്ന് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സമഗ്ര പദ്ധതി (എൻ. ഡി.പി.ആർ.ഇ.എം) ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ ; | എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് |

ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെയും ഗുണഭോക്താക്കളെയും
ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂടിക്കാഴ്ച നടത്തി സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ്വ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്.

ബി) മുൻ സർക്കാരിന്റെ കാലത്ത് നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നല്കിയതെന്നും എത്രപേർക്ക് ആനുകൂല്യം നല്കിയെന്നും വെളിപ്പെടുത്തുമോ ;

ബി) i) NDPREM പദ്ധതിയിൻ കീഴിൽ മുൻ സർക്കാരിന്റെ കാലത്ത് 31.03.2016 വരെ 1104 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

ii) സൗദി അറേബ്യയിൽ നിതാഖത് നടപ്പാക്കിയത് മൂലം റിയാദ്, ജിദ്ദ, ദമാം എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരികെ വന്നവരിൽ 378 പേർ വിമാന ടിക്കറ്റിന് വേണ്ടി അപേക്ഷ നൽകിയിരുന്നു. ഇതിൽ 266 പേരെ അർഹതയുള്ളവരായി കണ്ടെത്തി ടിക്കറ്റ് നൽകിയിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ സർക്കാർ ആകെ Rs.33,20,343/- ചെലവഴിച്ചിട്ടുണ്ട്.

iii)ആഭ്യന്തര കലാപത്തെത്തുടർന്ന് ഇറാഖ്/ലിബിയ/യെമൻ എന്നീ രാജ്യങ്ങളിൽ അകപ്പെട്ട് പോയ കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് നോർക്ക-റൂട്ട്സ് നടപടികൾ സ്വീകരിച്ചിരുന്നു. എയർപോർട്ടുകളിൽ തിരികെയെത്തുന്നവർക്കായി രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുകയും
ഇറാഖിൽ നിന്നും എത്തിയ ആദ്യ ബാച്ചിലുള്ള 46 പേർക്ക് 5000 രൂപയും തുടർന്ന് വന്നവർക്ക് 2000 രൂപയും, വാഹന സൗകര്യവും നൽകി. ഇതിന് പുറമേ

കേരളത്തിൽ അവരുടെ സ്വദേശങ്ങളിലെത്തുന്നതിനുള്ള ട്രെയിൻ ടിക്കറ്റും മറ്റ് ചെലവുകൾക്കായി 2000 രൂപയും നൽകിയിരുന്നു.

തമിഴ്നാട് സർക്കാർ യെമനിൽ നിന്നും കൊച്ചി, മുബൈ വിമാന താവളങ്ങളിൽ എത്തുന്ന ആ സംസ്ഥാനത്തെ ആളുകൾക്ക് വേ ണ്ടി സൗകര്യം നൽകണമെന്ന് നോർക്കയോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി എയർപ്പോർട്ട് വഴി എത്തിയ 156 തമിഴ്നാട്ടുകാർക്ക് സ്വദേശത്ത് എത്തുന്നതിന് സൗകര്യമൊരുക്കുകയും 2000 രൂപ വീതം ചെലവുകൾക്കായി നൽകുകയും ചെയ്തിട്ടുണ്ട്. കൊച്ചി വഴി ഇന്ത്യയിൽ എത്തിയ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളവർക്കും 2000 രൂപ വീതം നൽകുകയും ചെയ്തു. പ്രസ്തുത ഇനത്തിൽ സർക്കാർ ആകെ Rs.1,28,65,149/- ചെലവഴിച്ചിട്ടുണ്ട്.

നാളിതുവരെയായി വിദേശ രാജ്യങ്ങളിലെ ആഭ്യന്തര കലാപം മൂലം കേരളത്തിൽ തിരികെയെത്തിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രാജ്യം | തിരികെയെത്തിയ വരുടെ എണ്ണം |
|---|---|
| ഇറാഖ് | 418 |
| ലിബിയ | 532 |
| യെമൻ | 2444 |

സെക്ഷൻ ഓഫീസർ